"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്- തുറമുഖ ഭൂമിയിൽ നടപ്പാക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

G.O.(Rt) No.204/2024/F&P തീയതി,തിരുവനന്തപുരം, 06-04-2024

പരാമർശം:- ബഹു.പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖ-സഹകരണം വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 30.01.2024 ന് കൂടിയ യോഗതീരുമാനം

ഉത്തരവ്

ആലപ്പുഴയിലെ ഹൗസ് ബോട്ട് വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ബഹു.പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖ-സഹകരണം വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 30.01.2024 ന് കൂടിയ യോഗത്തിൽ തുറമുഖ ഭൂമിയിൽ നടപ്പാക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ ഏകോപിപ്പിക്കാനും തടസ്സങ്ങൾ നീക്കാനും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി, വിനോദ സഞ്ചാര ഡയറക്ടർ, കേരള മാരിടൈംബോർഡ് ചെയർമാൻ എന്നിവർ ഉൾപ്പെട്ട ഏകോപന സമിതി രൂപീകരിക്കണമെന്ന് തീരുമാനമായിരുന്നു.

2. മേൽ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുറമുഖ ഭൂമിയിൽ നടപ്പാക്കുന്ന വിനോദ സഞ്ചാര പദ്ധതികൾ ഏകോപിപ്പിക്കാനും തടസ്സങ്ങൾ നീക്കാനും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി, വിനോദ സഞ്ചാര ഡയറക്ടർ, കേരള മാരിടൈംബോർഡ് ചെയർമാൻ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
ADDITIONAL SECRETARY

പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
ചെയർമാൻ, കേരള മാരിടൈംബോർഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

G.O.(Rt)No.204/2024/F&P

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 08-04-2024 14:11:23